കേരള പോലീസ്
KERALA POLICE

# ജൈവമാലിന്യ സംസ്കരണ പ്ലാന്റ് ഉത്ഘാടനം



ജില്ലാ പോലീസ് ഓഫീസ് പരിസരത്ത്കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച പച്ചക്കറി കൃഷി, കോട്ടയം മുനിസിപ്പാലിറ്റി നിർമ്മിച്ചുനൽകിയ ജൈവമാലിന്യ സംസ്കരണ പ്ലാന്റ് കുമരകം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സഹകരണത്തോടെ നടപ്പാക്കിയ ഇൻഡോർ പ്ലാൻറ് പദ്ധതി എന്നിവയുടെ സംയുക്ത പ്രവർത്തന ഉദ്ഘാടനം 30 .7 .2019 തീയതി കോട്ടയം ജില്ലാ പോലീസ് ഓഫീസ് അങ്കണത്തിൽ നടന്നു. കോട്ടയം അഡീഷണൽ ജില്ലാ പോലീസ് സൂപ്രണ്ട് ശ്രീ.എ നസീം അധ്യക്ഷത വഹിച്ച യോഗത്തിൽ ഗ്രീൻ പ്രോട്ടോകോൾ ജില്ലാ അസിസ്റ്റൻറ് നോഡൽ ഓഫീസർ ശ്രീ. ജോണി ജോസഫ് സ്വാഗതം ആശംസിക്കുകയും ജൈവമാലിന്യ പ്ലാൻറ് ഉദ്ഘാടനം കോട്ടയം നഗരസഭ ചെയർപേഴ്സൺ ഡോക്ടർ പി. എസ് സോന നിർവഹിക്കുകയും ചെയ്തു. ജില്ലാ പോലീസ് മേധാവി ശ്രീ. പി. എസ് സാബു ഐ.പി.എസ് മുഖ്യ സന്ദേശം നൽകിയ യോഗത്തിൽ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ ശ്രീ. ബോസ് ജോസഫ് പച്ചക്കറികൃഷി പ്രവർത്തന ഉദ്ഘാടനം നിർവഹിക്കുകയും കുമരകം കൃഷി വിജ്ഞാന കേന്ദ്രത്തിലെ ഡോക്ടർ ജി .ജയലക്ഷ്മി ഇൻഡോർ പ്ലാൻറ് സമർപ്പണം നടത്തുകയും ചെയ്തു. ജൂനിയർ ഹെൽത്ത് സെക്രട്ടറി ശ്രീ. എം. ആർ രാജേഷ് പദ്ധതി സംബന്ധിച്ച് വിശദീകരണം നടത്തി. നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി ശ്രീ വിനോദ് പിള്ള, അഗ്രി. അസിസ്റ്റൻറ് ഡയറക്ടർ ശ്രീമതി. മിനി .എസ്. തമ്പി ,അഗ്രി. ഫീൽഡ് ഓഫീസർ ശ്രീ. ശശാങ്കൻ , ജില്ലാ പോലീസ് ഓഫീസ് മാനേജർ ശ്രീ. ജയരാജൻ, കുമാരി. അമ്മു മാത്യു (ജില്ലാ ഹരിത കേരള മിഷൻ) എന്നിവർ സംസാരിച്ചു.

*ജില്ലാ പോലീസ് , കോട്ടയം*